വനഭൂമി കൈയേറ്റം

19(*225) ശ്രീ. കെ. പ്രകാശ്ബാബു :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. യു. എസ് . ശശി :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ എത്ര വനഭൂമി കൈയേറ്റങ്ങൾ കണ്ടുപിടിച്ചിട്ടുണ്ട് ;

(ബി) ഇക്കാലത്ത് എത്ര ഹെക്ടർ വനഭൂമിയാണ് കൈയേറിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഈ വനം കൈയേറ്റക്കാർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) :

(എ) '156' വനഭൂമി കൈയേറ്റങ്ങൾ കണ്ട് പിടിച്ചിട്ടുണ്ട്.

(ബി) 158.9955 ഹെക്ടർ വനഭൂമിയിൽ ഇക്കാലത്ത് കൈയേറ്റശ്രമങ്ങൾ നടത്തിയിട്ടുണ്ട്.

(സി) കൈയേറ്റശ്രമങ്ങൾ കണ്ടെത്തി ഉടനടി തടയുകയും കൈയേറ്റക്കാർക്കെതിരെ നിലവിലുള്ള വനനിയമം അനുസരിച്ച് കേസ് എടുക്കുകയും ചെയ്തിട്ടുണ്ട്.

മണ്ണു സംരക്ഷണ പദ്ധതി

20(*226) ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. പി. കെ. കുമാരൻ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. സി. കെ. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സംസ്ഥാനത്ത് മണ്ണുസംരക്ഷണം പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വീകരിച്ച നടപടി എന്തൊക്കെ എന്ന് വെളിപ്പെടുത്തുമോ ;

(സി) മണ്ണുസംരക്ഷണം പദ്ധതികളുടെ ഭാഗമായി നടപ്പിലാക്കിയിരുന്ന വാട്ടർഷെഡ് പദ്ധതി സംസ്ഥാനത്ത് ഏതൊക്കെ ജില്ലകളിലാണ് നിലവിലുള്ളതെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വാട്ടർഷെഡ് പദ്ധതി സംസ്ഥാനത്ത് വിപുലീകരിക്കാൻ ഉദ്ദേശമുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് ഏതെങ്കിലും മണ്ണുസംരക്ഷണ പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ ;

(എഫ്) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ജി) സംസ്ഥാനത്ത് ഏതെങ്കിലും മണ്ണുസംരക്ഷണ പദ്ധതി കേന്ദ്രാനുമതിയ്ക്കായി സമർപ്പിക്കാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ ഏതൊക്കെ എന്ന് വ്യക്തമാക്കുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഉണ്ട്.

(ബി) മണ്ണു ജല സംരക്ഷണ പ്രവർത്തനങ്ങൾ കൂടുതൽ ജനകീയ സഹകരണത്തോടെ നടപ്പിലാക്കിവരുന്നു. പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിനായി ഓരോ മാസവും ജില്ലാ തല ഉദ്യോഗസ്ഥൻമാരുടെ യോഗത്തിൽ വകുപ്പ് അധ്യക്ഷൻ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നു. കൂടാതെ സർക്കാർ തലത്തിലും അവലോകനം നടത്തി വരുന്നു.

(സി) 14 ജില്ലകളിലും പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(ഡി) ഉണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പദ്ധതി പ്രവർത്തനം വിപുലീകരിക്കുന്നതാണ്.

(ഇ) ഉണ്ട്.

(എഫ്) വയനാട് ജില്ലയിൽ കബനീനദീതടപദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. 10 വർഷംകൊണ്ട് പൂർത്തിയാക്കാനുദ്ദേശിക്കുന്ന ഈ പദ്ധതിയുടെ അടങ്കൽ തുക 150 കോടി രൂപയാണ്. 24 സബ് വാട്ടർഷെഡുകളാണ് ഇതിൽ ഉള്ളത്. നടപ്പു സാമ്പത്തികവർഷം 103.53 ലക്ഷം രൂപയുടെ പണികൾ ആസൂത്രണം ചെയ്തു നടപ്പാക്കി വരുന്നു. ഒരു ഹെക്ടർ ഭൂമിക്ക് 5000 (അയ്യായിരം) രൂപ നിരക്കിൽ ചെയ്തു തീർത്ത മണ്ണു സംരക്ഷണ പ്രവൃത്തികൾക്ക് തുക നൽകുന്നു. ഇതിൽ 2500 രൂപ ഗ്രാന്റും 2500 രൂപ വായ്പയും ആകുന്നു. ഈ വായ്പ 20 അർദ്ധവാർഷിക ഗഡുക്കളായി 6% പലിശ നിരക്കിൽ ഗുണഭോക്താക്കൾ മടക്കി നൽകേണ്ടതാണ്.

കൂടാതെ 8-ാം പദ്ധതിക്കാലത്ത് നടപ്പിലാക്കിയിരുന്ന മഴയെ മാത്രം ആശ്രയിച്ച് കൃഷി ചെയ്യുന്ന പ്രദേശത്തിന്റെ വികസനത്തിനുള്ള (എൻ.ഡബ്ല്യൂ. ഡി.പി.ആർ.എ) പദ്ധതി 9-ാം പദ്ധതിക്കാലത്തും തുടരുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്.

(ജി) എൻ.ഡബ്ല്യൂ.ഡി.പി. ആർ. എ. പദ്ധതി കൂടുതൽ പ്രദേശത്തേയ്ക്ക് വ്യാപിപ്പിക്കുന്നതിന് ധനസഹായം ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly